# KSSIA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. APRIL 2026. ₹5.00

VOL. 10 - ISSUE NO. 10 - DATE OF PUBLICATION 25TH April, 2026 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24





## SECURING SMALL INDUSTRIES

## ചെറുകിട വ്യവസായങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നു

KSSiA
THE KERALA STATE SMALL INDUSTRIES ASSOCIATION

ASTER DM HEALTHCARE SINCE 1987

# THE ONLY CHOICE FOR
# WORLD-CLASS TREATMENT ON THIS SIDE OF THE EARTH




## Healthcare Privileges From Aster Medcity, Kochi

### Who is Covered?

**KSSIA Members:** Direct benefits for all registered association members.

**Industrial Unit Workforce:** Comprehensive coverage extended to employees of all KSSIA-affiliated units.

### Benefits

- Nil Registration Charges
- 25% Discount on OP Consultations
- 25% Discount on Health Check-ups
- 10% Discount on In-House Lab Services
- 10% Discount on Radiology Services*
- 10% Discount on In-Patient (Service Charges Only)**
- 10% Discount on Aster @ Home Care Services (On service part)
- 10% Discount on OP Procedures (On service part)

### Eligibility

Employees & Members of KSSIA and their dependents (Parents | Spouse | Children | In-laws)

**81119 98077, 81119 98132**

cain.manuael@asterhospital.in
corporaterelations.medcity@asterhospital.in

### Terms & Conditions

- Valid Employee ID must be presented
- Payment to be made directly at the hospital
- No credit facility available
- Discounts not applicable under Insurance / TPA
- Cannot be combined with other offers

*Radiology discount excludes Medicines, Consumables & Nuclear Medicine services

**In-Patient discount applicable only on service component

AsterMedcity
We'll Treat You Well
Kochi

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - APRIL 2026 - ₹5.00

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94473 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Anvar.K.V........... ✆ 93499 35511
Eshaque K.......... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837


**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

❖ **എഡിറ്റോറിയൽ:** വ്യവസായ സംരക്ഷണ നിയമം-അടിയന്തിര ആവശ്യം..........................3
❖ **പ്രസിഡൻഷ്യൽ റിപ്പോർട്ട്:** KSSIA സംരംഭകർക്ക് കരുത്തായി ഹൈക്കോടതി...........................................................5
❖ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:** പ്രൈസ് പ്രിഫറൻസ് പോളിസി.......................7
❖ ഭൂവുടമകൾ വഞ്ചിക്കപ്പെടാതിരിക്കാൻ ജാഗ്രത പാലിക്കുക..........................................................9
❖ വ്യവസായികളുടെ ആത്മഹത്യയ്ക്ക് പരിഹാരം എന്ത്?..............................................12
❖ ആഗോള കാലത്ത് കെട്ടിപ്പടുക്കാം ഒരു സ്വന്തം ഗ്ലോബൽ ബ്രാൻഡ്..........................................14
❖ വഴിയാധാരമാക്കിയ വായ്പ...........................17

## എഡിറ്റോറിയൽ

# വ്യവസായ സംരക്ഷണ നിയമം-അടിയന്തിര ആവശ്യം



വ്യവസായ സൗഹൃദത്തിൽ നമ്മുടെ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചതിൽ സർക്കാരിനെയും വ്യവസായികളെയും അഭിനന്ദിക്കാതിരിക്കാനാവില്ല.

വ്യവസായ വികസനത്തിൻെറ പുരോഗതി ഇനിയും ഇനിയും കാലാനുസൃതമായി വികസിപ്പിക്കേണ്ടതുണ്ട്. വ്യവസായ വളർച്ചയ്ക്ക് തടസ്സമായി വരുന്ന പലതും മാറ്റി എഴുതേണ്ട സാഹചര്യമാണിന്ന്. സർക്കാരിന് മാത്രം ചെയ്യാൻ കഴിയുന്ന ഒരു സുപ്രധാന കാര്യമാണ് ഇവിടെ പ്രതിപാദിക്കുന്നത്. പ്രാദേശിക പ്രതിഷേധങ്ങൾ കൊണ്ട് നിലച്ചു പോകുന്ന വ്യവസായ യൂണിറ്റുകളും നിസഹായനായ വ്യവസായിയുടെ ആത്മഹത്യയും ദുശ്ശ:കുനം പോലെ ഇടയ്ക്കിടെ നമ്മുടെ നാട്ടിൽ നിരാശയുടെ നിഴൽ പരത്തുന്നുണ്ട്. അത് ഒഴിവാക്കാൻ സർക്കാരിനു മാത്രമേ ശക്തിയുള്ളൂ. അതിനു വേണ്ടുന്ന ഒരേ ഒരു മാർഗ്ഗം വ്യവസായ സംരക്ഷണ നിയമം കൊണ്ടു വരിക എന്നത് മാത്രമാണ്.

ഇങ്ങനെ ഒരു ആവശ്യത്തിലേക്ക് വെളിച്ചം വീശുന്ന വിധിയാണ് അടുത്തിടെ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി പി. വി.കുഞ്ഞികൃഷ്ണൻ പുറപ്പെടുവിച്ചത്.

തിരുവനന്തപുരം നെല്ലനാട് സ്ഥാപിച്ച ഹോട്ട്മിക്സ് കോൺക്രീറ്റ് യൂണിറ്റിന്റെ പ്രവർത്തനാനുമതി നിഷേധിച്ച്, പഞ്ചായത്ത് ഉത്തരവ് അസാധുവാക്കിയതായിരുന്നു ആ വിധി.

ജനരോഷം ഭയന്ന് നിയമവ്യവസ്ഥയെ അവഗണിക്കുന്നത് നിയമത്തോടുള്ള വെല്ലുവിളിയാണ് എന്ന് ആ വിധിയിൽ എടുത്തു പറയുന്നുണ്ട്.

അനുവാദം വാങ്ങേണ്ടുന്ന എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും, മലിനീകരണം, ആരോഗ്യം തുടങ്ങിയ അധികാര സ്ഥാനങ്ങളിൽനിന്നും പ്രവർത്തന അനുവാദം കിട്ടിയ

സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കില്ല, എന്നത് നിയമനിഷേധത്തിൻെറ ധാർഷ്ട്യമാണെന്ന് തന്നെയാണ് ഹൈക്കോടതി നിരീക്ഷണം.

ഒറ്റപ്പെട്ട സംഭവങ്ങൾ ആണെങ്കിലും സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിലും ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ഇവിടെ കേരളത്തിൽ വ്യവസായം തുടങ്ങാൻ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പല മാസങ്ങൾ കയറിയിറങ്ങിയിട്ടും പഞ്ചായത്ത് പ്രവർത്തനാനുമതി നിഷേധിച്ചതും നിരാശനായ സംരംഭകൻ നഷ്ടദുഃഖം താങ്ങാൻ ആവാതെ ആത്മഹത്യ ചെയ്തതും വ്യവസായ സ്നേഹികളെ ഏറെ വേദനി പ്പിച്ചതാണല്ലോ. മനുഷ്യത്വമോ സാമൂഹ്യ ബോധമോ ഇല്ലാതെ ശക്തി പ്രകടനം കൊണ്ട് വ്യവസായികളെ മുൾമുനയിൽ നിർത്തി വീർപ്പുമുട്ടിക്കുന്ന മറ്റു ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

അടുത്തകാലത്ത് ഒരു ഫാക്ടറിയിൽ ഒരു തൊഴിലാളിക്ക് അപകടമരണം സംഭവിച്ചു. രാഷ്ട്രീയക്കാരും നാട്ടുകാരിൽ ചിലരും ചേർന്ന് മൃതശരീരം റോഡിന് കുറുകെ വെച്ച് പ്രതിഷേധിച്ചു ഭീമമായ ഒരു തുകയും ആവശ്യപ്പെട്ടു. ഇവിടെ പ്രത്യേകം അറിയിക്കേണ്ട കാര്യം നിയമപ്രകാരമുള്ള ഇ എസ് ഐ, പ്രോവിഡന്റ് ഫണ്ട് എന്നിവ നൽകി നിയമാനു സൃതം പ്രവർത്തിക്കുന്ന ഒരു ഫാക്ടറി എന്നതാണ്. മറ്റൊരു ഫാക്ടറിയിൽ ശബ്ദ മലിനീകരണം ആരോപിച്ച് ആൾക്കൂട്ട രാഷ്ട്രീയ പ്രതിഷേധം കൊണ്ട്, പഞ്ചായത്ത്, ഫാക്ടറിക്ക് ഉണ്ടായിരുന്ന ലൈസൻസ് റദ്ദ് ചെയ്തു. ആ ഉടമ അഭയം പ്രാപിച്ചത് ഹൈക്കോടതിയിൽ തന്നെ. ഇത്തരം പ്രവർത്തികളുടേയും സംഭവങ്ങളുടേയും വാർത്ത വ്യവസായ സംരംഭകരെ നിരുത്സാഹപ്പെടുത്തുമെന്നതിൽ സംശയമില്ല.

വ്യവസായ വികസനവും സാമ്പത്തിക പുരോഗതിയും ലക്ഷ്യമിടുന്ന സർക്കാർ നിശ്ചയമായും ഇത്തരം നീതി രഹിത പ്രവർത്തികൾ ഒഴിവാക്കാൻ വ്യവസായ സംരക്ഷണ നിയമം കൊണ്ടുവരികയും, കർശനമായി നടപ്പാക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു.

**എസ്. സലിം**
**ചീഫ് എഡിറ്റർ**



THE INDIAN EXPRESS KOCHI

KERALA/SOUTH

THURSDAY 02.04.2026

POST OF THE DAY

**HC seeks political pledge to protect entrepreneurs from flimsy protests**

'Political parties contesting assembly polls must ensure protection for legally cleared industries'

EXPRESS NEWS SERVICE @ Kochi

THE Kerala High Court on Wednesday urged political parties and candidates contesting the assembly election to clearly inform the electorate and seek their mandate by assuring that, if elected, no entrepreneur in Kerala who has obtained all statutory clearances, including those from pollution and environmental authorities, will be forced to shut down their unit due to protests on flimsy grounds by a handful of people.

Justice P V Kunhikrishnan issued the order while considering the petition of two entrepreneurs — Sudheer S and Thajudheen Adayaman of Thiruvananthapuram — whose dream of starting an industrial unit with modern machinery was stifled not by law or regulatory authorities responsible for assessing pollution or environmental concerns, b... by a group...

Although there is a general allegation that industries do not progress in Kerala due to public protests and trade unionism, the state's industrial growth has, in reality, been commendable in recent times

High Court

Subsequently, representatives of the local authority shied away from taking a decision in accordance with the law...

...though there is a general allegation that industries do not progress in Kerala due to public protests and trade unionism, the state's industrial growth has, in reality, been commendable in recent times. The credit goes to all Keralites and, of course, to political parties and their leaders who were in power at different periods, irrespective of their political affiliations, and who consist... people of...

...nomic growth. However, the HC noted that isolated instances of protests would discourage entrepreneurs from investing in the state. It added that some political parties and elected representatives fear that siding with an industry in a particular area may cost them votes.

The court emphasised that it is the duty of elected representatives to convince the electorate, at the time of elections itself, that once statutory clearance is obtained, industries will be allowed to function, as industrial growth is the need of the hour in the state.

It quashed a resolution passed by Nellanad panchayat rejecting the two entrepreneurs' application to install 130 HP machinery. It also directed the panchayat to approve their application for a permit to establish a hot-mix plant, for which the petitioners had al...



വ്യവസായ സംരംഭം

**പ്രാദേശിക പ്രതിഷേധത്താൽ പ്രവർത്തനാനുമതി നിഷേധിക്കാൻ ആകില്ല -ഹൈക്കോടതി**

കൊച്ചി ▸ നിയമപരമായ എല്ലാ അനുമതികളും ലഭിച്ച വ്യവസായസംരംഭത്തിന് പ്രദേശവാസികളുടെ പ്രതിഷേധത്തിന്റെപേരിൽ പഞ്ചായത്തിന് പ്രവർത്തനാനുമതി നിഷേധിക്കാനാകില്ലെന്ന് ഹൈക്കോടതി. അത്തരം അവസ്ഥ ഉണ്ടാകുന്നത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെയും ബാധിക്കുന്നതാണെന്നും ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ അഭിപ്രായപ്പെട്ടു.

തിരുവനന്തപുരം നെല്ലനാട് സ്ഥാപിച്ച ഹോട്ട് മിക്സ് കോൺക്രീറ്റ് യൂണിറ്റിന് പ്രവർത്തനാനുമതി നിഷേധിച്ച ഗ്രാമപ്പഞ്ചായത്തിന്റെ നടപടിക്കെതിരേ സംരംഭകരായ എസ്. സുധീർ, എ. താജുദീൻ എന്നിവരുടെ ഹർജി അനുവദിച്ച ഉത്തരവിലാണ് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണന്റെ നിരീക്ഷണം.

പ്രവർത്തനാനുമതി നിഷേധിച്ച നെല്ലനാട് ഗ്രാമപ്പഞ്ചായത്ത് ഉത്തരവ് റദ്ദാക്കിയ കോടതി രണ്ടാഴ്ചയ്ക്കകം അനുകൂലതീരുമാനമെടുക്കാനും നിർദേശിച്ചു.


വ്യവസായം തുടങ്ങാൻ മോഹിച്ചെത്തിയ ഹർജിക്കാർക്കു മുന്നിൽ നിയമങ്ങളല്ല, ഒരുപറ്റം ആളുകളുടെ ശാസ്ത്രീയാടിത്തറയില്ലാത്ത പ്രതിഷേധങ്ങളാണ് തടസ്സമായതെന്ന് ഹൈക്കോടതി പറഞ്ഞു. ജനരോഷം ഭയന്ന് പഞ്ചായത്ത് തീരുമാനമെടുക്കാത്തത് നിയമവാഴ്ചയോടുള്ള വെല്ലുവിളിയാണ്.


മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ആരോഗ്യവകുപ്പിന്റെയും മാനദണ്ഡങ്ങൾ പാലിച്ചിട്ടും 150 മീറ്റർ അകലെ താമസിക്കുന്ന ഏതാനുംപേരുടെ പ്രതിഷേധം കാരണമാണ് പ്ലാന്റ് തുറക്കാനാകാത്തത്. ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന ആശങ്കയാണ് പ്രതിഷേധിക്കുന്നവർ ഉന്നയിക്കുന്നത്. എന്നാൽ, ഈ ആശങ്ക തള്ളുന്നതാണ് ജില്ലാ മെഡി... റിപ്പോർട്ട്...

പ്രസിഡൻഷ്യൽ റിപ്പോർട്ട്

# KSSIA സംരംഭകർക്ക് കരുത്തായി ഹൈക്കോടതി വിധി

നിയമപരമായ അനുമതികളുണ്ടെങ്കിൽ ജനകീയ പ്രതിഷേധം കൊണ്ട് വ്യവസായം തടയാനാവില്ല.





എ. നിസാറുദ്ദീൻ
സംസ്ഥാന പ്രസിഡന്റ്

കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് പുത്തൻഉണർവ് നൽകുന്ന വിപ്ലവകരമായ ഒരു വിധി ബഹു: കേരള ഹൈക്കോടതിയിൽ നിന്ന് ഉണ്ടായിരിക്കുന്നു. (WP (c) NO.34275 of 2025 Dated:01-4-2026 എല്ലാ നിയമപരമായ അനുമതികളും (Statutory Clearances) കരസ്ഥമാക്കിയ ഒരു സംരംഭത്തെ, ശാസ്ത്രീയമായ അടിത്തറയില്ലാത്ത വെറും ജനകീയ പ്രതിഷേധങ്ങളുടെ പേരിൽ തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ മറ്റാർക്കെങ്കിലുമോ അധികാരമില്ലെന്ന് കോടതി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു.

1. കേരളത്തിലെ നിലവിലെ വ്യവസായ അവസ്ഥയും കോടതിയുടെ നിരീക്ഷണവും :

നമ്മുടെ സംസ്ഥാനം വ്യവസായ രംഗത്ത് വലിയ മുന്നേറ്റം നടത്തുന്നുണ്ടെങ്കിലും, ചില ഒറ്റപ്പെട്ട സംഭവങ്ങൾ സംരംഭകരെ നിക്ഷേപത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നുണ്ടെന്ന് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ നിരീക്ഷിച്ചു. രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും വോട്ട് ബാങ്ക് ഭയന്ന് വ്യവസായങ്ങൾക്ക് എതിരെ നിൽക്കുന്നത് വികസനത്തെ പിന്നോട്ടടിക്കുമെന്ന് കോടതി ഓർമ്മിപ്പിച്ചു.

2. വിധിയുടെ പ്രസക്ത ഭാഗങ്ങൾ :

* നിയമവാഴ്ചയുടെ വിജയം : മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ് തുടങ്ങിയ ഏജൻസികളിൽ നിന്ന് ക്ലിയറൻസ് ലഭിച്ച ഒരു യൂണിറ്റിനെ പ്രവർത്തിക്കാൻ അനുവദിക്കാത്തത് നിയമവാഴ്ചയോടുള്ള വെല്ലുവിളിയാണെന്ന് കോടതി ചൂണ്ടിക്കാട്ടി.

* പഞ്ചായത്തുകളുടെ അധികാരം : 2018 ലെ പഞ്ചായത്ത് രാജ് നിയമ ഭേദഗതി (Act 14 of 2018) പ്രകാരം, വ്യവസായങ്ങൾക്ക് അനുമതി നിഷേധിക്കാനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റികൾക്ക് ഇല്ല. നിബന്ധനകൾ വെച്ച് അനുമതി നൽകുക മാത്രമേ പഞ്ചായത്തിന് ചെയ്യാനുള്ളൂ എന്ന് കോടതി വ്യക്തമാക്കി.

* ശാസ്ത്രീയ അടിത്തറയില്ലാത്ത പ്രതിഷേധങ്ങൾ :

അയൽവാസികളുടെ ഭയാശങ്കകൾക്ക്





ശാസ്ത്രീയമായ തെളിവുകളില്ലെങ്കിൽ അത് വ്യവസായം പൂട്ടിക്കാനുള്ള കാരണമായി കാണാനാവില്ല.

**3. സംരംഭകർക്കുണ്ടാകുന്ന ദൂരവ്യാപകമായ നേട്ടങ്ങൾ:**

*** നിക്ഷേപ സുരക്ഷ :** കോടികൾ നിക്ഷേപിച്ച് വ്യവസായം തുടങ്ങുന്നവർക്ക് നിയമപരമായ സംരക്ഷണം ഉറപ്പാക്കാൻ ഈ വിധി സഹായിക്കും.

*** തദ്ദേശ സ്ഥാപനങ്ങളുടെ അനാവശ്യ ഇടപെടൽ തടയാം :** ലൈസൻസ് അപേക്ഷകളിൽ രാഷ്ട്രീയ സമ്മർദ്ദം മൂലം പഞ്ചായത്തുകൾ നടത്തുന്ന മനഃപൂർവ്വമായ കാലതാമസവും നിഷേധവും ഇനി നടക്കില്ല.

*** തൊഴിൽ അവസരങ്ങൾ :** സംരംഭങ്ങൾ സുരക്ഷിതമാകുന്നതോടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടും.

**4. കെ. എസ്. എസ്. ഐ. എ (KSSIA) അംഗങ്ങൾ ശ്രദ്ധിക്കാൻ :**

വ്യവസായ വളർച്ചയാണ് നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യം. ഈ വിധി നമ്മെ പഠിപ്പിക്കുന്നത്, നമ്മൾ എല്ലാ നിയമപരമായ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെങ്കിൽ ഒരു പ്രതിഷേധത്തിനും നമ്മുടെ സംരംഭത്തെ തകർക്കാൻ കഴിയില്ല എന്നാണ്.

**അഭിനന്ദനങ്ങൾ:**

ഈ സുപ്രധാനമായ കോടതി വിധിയ്ക്ക് വേണ്ടി വർഷങ്ങളുടെ നീണ്ട നിയമ പോരാട്ടം നടത്തിയ ശ്രീ. തോപ്പിൽ താജുദ്ദീനും അദ്ദേഹത്തിന്റെ പാർട്ണർ ശ്രീ. സുധീറിനും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നിങ്ങളെപ്പോലുള്ള സംരംഭകരുടെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടങ്ങളാണ് നമ്മുടെ സംസ്ഥാനം ഇന്ന് കൈവരിച്ച വ്യവസായ നേട്ടങ്ങൾക്കും സംരംഭകർക്ക് ലഭിക്കുന്ന ഈ സുരക്ഷയ്ക്കും പിന്നിലെ യഥാർത്ഥ കരുത്ത്.

നിയമപ്രകാരമായ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരിക്കൽ അനുമതി ലഭിച്ചാൽ ശാസ്ത്രീയ അടിത്തറയും തെളിവുകളുമില്ലാതെ കേവലം പ്രക്ഷോഭങ്ങൾക്കൊണ്ട് ഒരു വ്യവസായത്തെ പിന്നോട്ടടുപ്പിക്കാൻ കഴിയുകയില്ല എന്ന വലിയ സന്ദേശമാണ് ഈ വിധി നല്കുന്നത്. കേരളത്തെ യഥാർത്ഥ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ഈ കോടതി വിധി ഒരു വലിയ ചുവടുവെപ്പാണ് നല്കുന്നത്.

കെ. എസ്. എസ്. ഐ. എ. ആസ്റ്റർ മെഡിസിറ്റിയുമായി കെ. എസ്. എസ്. ഐ. എ. മെമ്പർമാർക്കും കുടുംബാംഗങ്ങൾക്കും മെഡിക്കൽ സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ധാരണാ പത്രം ഒപ്പ് വെച്ചിട്ടുണ്ട്. അതനുസരിച്ച് നമ്മുടെ മെമ്പർമാർ, അവരുടെ കുടുംബാംഗങ്ങൾ, സ്റ്റാഫ്, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്ക് മെഡിക്കൽ സംബന്ധമായ കാര്യങ്ങൾക്ക് എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ ഡിസ്കൗണ്ട് നിരക്കിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഓഫീസുമായി ബന്ധപ്പെടുക.(പേജ്2 കാണുക)

വോയിസ് ഓഫ് ജനറൽ സെക്രട്ടറി

# പ്രൈസ് പ്രിഫറൻസ് പോളിസി: നിർത്തലാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒഴിവാക്കൽ ആനുകൂല്യം പുനർസ്ഥാപിക്കണം.



ജോസഫ് പൈകട
ജനറൽ സെക്രട്ടറി

ചെറുകിട വ്യവസായികളെ (MSME) വിപണനരംഗത്തു സഹായിക്കുന്നതിനു വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാർ നടപ്പിലാക്കിയതാണ് പ്രൈസ് പ്രിഫറൻസ് പോളിസി. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വൈദ്യുതി ബോർഡ് തുടങ്ങിയവയ്ക്ക് ആവശ്യമായ മറ്റുള്ള സ്ഥാപനങ്ങളുടെ ടെണ്ടർ വിലയിൽ 15 ശതമാനം അധികം നൽകിയാൽപോലും സംസ്ഥാന ചെറുകിട വ്യവസായികളിൽ നിന്നും സാധനങ്ങൾ വാങ്ങിക്കണമെന്നാണ് ഉത്തരവ്.എന്നാൽ പല സ്ഥാപനങ്ങളും സംസ്ഥാനത്തെ ചെറുകിട വ്യവസായികളിൽ നിന്നും സാധനങ്ങൾ വാങ്ങിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങിക്കുവാനാണ് താല്പ്പര്യം കാണിക്കുന്നത്. സംസ്ഥാനത്തെ ചെറുകിട വ്യവസായികൾ ടെണ്ടർ സമർപ്പിക്കുമ്പോൾ ഇ. എം. ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒഴിവാക്കൽ, ടെണ്ടർ ഫോം സൗജന്യമായി നല്കൽ തുടങ്ങിയ ആനുകൂല്യങ്ങൾ നല്കണമെന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഒരിക്കൽ ചെറുകിട വ്യവസായികൾക്ക് അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ ഇടയ്ക്ക് വെച്ചു നിർത്തലാക്കുന്ന ഒരു പ്രവണത നിലനില്ക്കുന്നുണ്ട്. GO No. 3/2021/SPD -22-23-2021സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം നല്കിയിരുന്ന മേൽ ആനുകൂല്യങ്ങൾ GO No. 10/2023/SPD - 11-12-2023 തീയതി പ്രകാരം ചെറുകിട വ്യവസായികൾ ടെണ്ടർ സമർപ്പിക്കുമ്പോൾ നല്കിയിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒഴിവാക്കൽ ആനുകൂല്യം റദ്ദുചെയ്തിരിക്കുകയാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ചെറുകിട വ്യവസായികൾക്ക് ഭീമമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് വേണമെന്ന 2023 ലെ ഉത്തരവ് മൂലം തങ്ങളുടെ സ്ഥാപനങ്ങളിൽ വിനിയോഗിക്കേണ്ട പ്രവർത്തന മൂലധനത്തിനെ സാരമായി ബാധിക്കും. ഇത് തിരിച്ചു നല്കാൻ പല സ്ഥാപനങ്ങളും എടുക്കുന്ന കാലതാമസങ്ങളും ചെറുകിടവ്യവസായികളെ കൂടുതൽ ബുദ്ധിമുട്ടിലേയ്ക്കാണ് തള്ളിവിടുക. എം. എസ്. എം. ഇ. സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുമ്പോൾ മൂന്ന് കൊല്ലത്തെ പ്രവർത്തന പരിചയവും വിതരണം ചെയ്യുന്നവരുടെ ലിസ്റ്റും ഹാജരാക്കിയാലെ ചില പൊതുമേഖലാ സ്ഥാപനങ്ങൾ ടെണ്ടർ സ്വീകരിക്കുകയുള്ളൂ. വിപണന രംഗത്തു നിലവിലുള്ള സംരംഭകരോടൊപ്പം പുതിയ സംരംഭകരെയും ഒരുപോലെ കണക്കാക്കണം. ടെണ്ടർ വ്യവസ്ഥകൾ അനുസരിച്ചു ഉത്പ്പന്നങ്ങൾ നിശ്ചിത സമയത്തു സപ്ലൈ ചെയ്യാനുള്ള കപ്പാസിറ്റിയും ഗുണനിലവാരവും വിലയും മാത്രം മാനദണ്ഡമാക്കിയുള്ള വ്യവസ്ഥ നടപ്പാക്കാനുള്ള നടപടി ആയിരിക്കണം സ്വീകരിക്കേണ്ടത്. സർക്കാർ പ്രഖ്യാപിച്ച പ്രൈസ് പ്രിഫറൻസ് പോളിസി ഫലപ്രദമായി നടപ്പാക്കാൻ കർക്കശ നിർദ്ദേശങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബോർഡുകൾക്കും നല്കുകയും നിർത്തലാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒഴിവാക്കൽ ആനുകൂല്യം പുനസ്ഥാപിക്കാനുള്ള നടപടിയും സർക്കാർ സ്വീകരിക്കണം.



SINCE 1984®

CHILTON

we innovate

# GET YOUR CHILLER Free! IN 9 MONTHS.




## HEAT PUMP CHILLER

**SAVES 68% POWER**

**CHILLED WATER + FREE HOT WATER**

At the same time

**FACTORIES: KERALA, GUJARAT**

**CORPORATE OFFICE (KERALA)**

5th floor, Chilton Towers, Koonamthai, NH 544, Edapally P.O, Kochi, Kerala, India,
Pincode: 682 024.
Contact: 7994443021

chiltonmktg@chiltonindia.com www.chilton.solutions

# സ്വന്തം ഭൂമി നൽകി ജോയിന്റ് വെഞ്ചറിൽ ഫ്ളാറ്റ് പണിയാൻ കരാറുകൾ ഉണ്ടാക്കുമ്പോൾ ഭൂവുടമകൾ വഞ്ചിക്കപ്പെടാതിരിക്കാൻ ജാഗ്രത പാലിക്കുക.



**ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM, Phd
ജി.എസ്.റ്റി.& സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ

കേരളത്തിലെ നഗരപ്രദേശങ്ങളിൽ ഭൂമിയുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ, ഒറ്റയ്ക്ക് വീട് നിർമ്മിക്കുന്നതിനേക്കാൾ ലാഭകരമായി പലരും കാണുന്നത് ബിൽഡർമാർക്ക്ഭൂമി വിട്ടുനൽകി സ്ഥലത്തിന്റെ വിഹിതമായി ഫ്ളാറ്റുകൾ കൈപ്പറ്റുന്ന രീതിയാണ്.എന്നാൽ, ഇത്തരം ജോയിന്റ് ഡെവലപ്പ്മെന്റ് കരാറിൽ (JDA) ഒളിഞ്ഞിരിക്കുന്ന നികുതിനിയമങ്ങളെക്കുറിച്ച് ധാരണയില്ലാത്തത് ഭൂവുടമകളിൽ പലപ്പോഴും വലിയ സാമ്പത്തിക ബാധ്യതകൾക്കും ബിൽഡർമാരുടെ ചൂഷണങ്ങൾക്ക് ഇരയാകുന്നതിനും കാരണമാകുന്നുണ്ട്.

1. എന്താണ് ജോയിന്റ് ഡെവലപ്മെന്റ് കരാർ (JDA)?

ഉത്തരം: ഭൂമിയുടമ തന്റെ വസ്തുവിൽ നിർമ്മാണം നടത്താൻ ബിൽഡറെ അനുവദിക്കുകയും, പകരമായി, നിർമ്മാണം പൂർത്തിയാകുമ്പോൾ നിശ്ചിത എണ്ണം ഫ്ളാറ്റുകളോ (Area Sharing) അല്ലെങ്കിൽ ഫ്ളാറ്റുകളുടെ വിൽപ്പന നടന്നുകഴിഞ്ഞുള്ള ലാഭവിഹിതമോ (Revenue Sharing) ഭൂവുടമയ്ക്ക് നൽകുകയും ചെയ്യുന്ന കരാറാണിത്. ഇവിടെ ഭൂമി പൂർണ്ണമായും വിൽക്കപ്പെടുന്നില്ല, മറിച്ച് ഭൂവുടമ ബിൽഡർക്ക് തന്റെ ഭൂമിയിൽ നിർമ്മാണം നടത്താനുള്ള അവകാശം (Development Rights) കൈമാറുകയാണ് ചെയ്യുന്നത്.

2. ജോയിന്റ് ഡെവലപ്പ്മെന്റ് കരാറിൽ ഏർപ്പെടുമ്പോൾ വരുന്ന ജി.എസ്.റ്റി (GST) ബാധ്യതകൾ?

ഉത്തരം: ബിൽഡർമാർ പലപ്പോഴും ഭൂവുടമകളിൽ നിന്നും അനധികൃതമായി GST ഈടാക്കാറുണ്ട്. ബിൽഡർമാർ അവരുടെ സൗകര്യത്തിനു വേണ്ടി കെട്ടിടത്തിനുള്ള അസംസ്കൃത വസ്തുക്കൾ (Raw Materials) 2017 മുതൽ വാങ്ങിയിട്ടുണ്ടാകും. അതിൽ ഭൂവുടമയ്ക്ക് കരാർ പ്രകാരം നൽകേണ്ട ഫ്ളാറ്റിനും കൂടിയുള്ള വസ്തുക്കൾ വാങ്ങി ഇൻപുട്ട് (Input Tax Credit) എടുത്തിട്ടുണ്ടാകാം. നികുതിവിധേയമല്ലാത്ത ഫ്ളാറ്റുകൾക്കുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്യാൻ ബിൽഡർമാർക്ക് ബാധ്യതയുണ്ട്. ഈ ബാധ്യത ബിൽഡർമാർ ഭൂവുടമകളുടെ തലയിൽ കെട്ടിവെക്കുന്നത് പതിവാണ്. എന്നാൽ 2019 ഏപ്രിൽ 1 ന് ശേഷം നിയമത്തിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. വാസ്തവത്തിൽ ബിൽഡർമാർ അറിഞ്ഞോ അറിയാതെയോ ഭൂവുടമകളെ പറ്റിച്ചുകൊണ്ട് GST തുക പിരിച്ചെടുക്കുന്നത് നിയമവിരുദ്ധമാണ്.

* റിവേഴ്സ് ചാർജ് മെക്കാനിസം (RCM):

വികസന അവകാശ കൈമാറ്റത്തിന്മേലുള്ള(Transfer of Development Rights)ജി.എസ്.റ്റി അടയ്ക്കാനുള്ള ബാധ്യത ഇപ്പോൾ പൂർണ്ണമായും ബിൽഡർക്കാണ്. ഭൂവുടമ നേരിട്ട് ജി.എസ്.റ്റി ഡിപ്പാർട്ട്മെന്റിന്/ പണമടയ്ക്കേണ്ടതില്ല.

നിർമ്മാണ സേവനത്തിന്മേലുള്ള നികുതി :

ബിൽഡർ ഭൂവുടമയ്ക്ക് കൊടുക്കാമെന്നേറ്റ ഫ്ളാറ്റ് നിർമ്മിച്ചു നൽകുമ്പോൾ അതിനുമേൽ നിർമ്മാണ സേവന നികുതി (Tax on supply of construction services) ബാധകമാണ്. ഇത് ബിൽഡർ ജി.എസ്. റ്റി ഡിപ്പാർട്ട്മെന്റിലേക്ക് അടയ്ക്കേണ്ടതാണ് ഇതിന്റെ ഔട്ട്പുട്ട് ബാധ്യത ബിൽഡർക്കാണെന്ന് ഉറപ്പുവരുത്തണം.

കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ (Completion Certificate (CC)) പ്രാധാന്യം :

നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം കൈമാറ്റം ചെയ്യപ്പെടുന്ന ഫ്ളാറ്റുകളെ ജി.എസ്.റ്റി നിയമത്തിലെ ഷെഡ്യൂൾ III പ്രകാരം ''സ്ഥാവര'' വസ്തു (Immovable Property) ആയിട്ടാണ് കണക്കാക്കുന്നത്. ഇത്തരം കൈമാറ്റങ്ങൾക്ക് ജി.എസ്.റ്റി ബാധകമല്ല.



എന്നാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുമ്പുള്ള കൈമാറ്റങ്ങളുടെ കാര്യം അങ്ങനെയല്ല. അത്തരം കൈമാറ്റങ്ങൾക്ക് ജി.എസ്.റ്റി ബാധകമായിരിക്കും. അതിനാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുമ്പ് ഫ്ളാറ്റ് കൈമാറ്റം ചെയ്യപ്പെടുന്ന രീതിയിലല്ല കരാർ എന്ന് ഭൂവുടമകൾ കൃത്യമായി ഉറപ്പു വരുത്തണം.

* രജിസ്ട്രേഷൻ : ഒരു ഭൂവുടമയുടെ വാർഷിക വിറ്റുവരവ് 20 ലക്ഷം രൂപയിൽ അധികമാണെങ്കിൽ മാത്രമേ ആ ഭൂവുടമ ജി.എസ്.റ്റി രജിസ്ട്രേഷൻ എടുക്കേണ്ടതുള്ളൂ. ജോയിന്റ് ഡെവലപ്പ്മെന്റ് കരാർ പ്രകാരം ബിൽഡിംഗ് നമ്പർ ലഭിച്ചതിന് ശേഷമാണ് കൈമാറ്റമെങ്കിൽ ആ തുക ജി.എസ്.റ്റി വിറ്റുവരവിൽ (Turnover) ഉൾപ്പെടില്ല. പല ബിൽഡർമാരും ഭൂവുടമകളെക്കൊണ്ട് ജി.എസ്.റ്റി രജിസ്ട്രേഷൻ എടുപ്പിക്കുന്നത് ബിൽഡറുടെ നികുതി ബാധ്യത ഭൂവുടമയുടെ തലയിൽ വെക്കാൻ വേണ്ടിയാകാം. ഉടമകൾ ശരിയായ നിയമോപദേശം തേടി ഇത്തരം അനാവശ്യ ബാധ്യതകളിൽ നിന്ന് ഒഴിവാകുക.

3. ആദായനികുതിയും സെക്ഷൻ 45(5A)യും : വ്യക്തികൾക്കും (Individuals) ഹിന്ദു അവിഭക്ത കുടുംബങ്ങൾക്കും (Hindu Undivided Family (HUF)) ആശ്വാസമായി ആദായനികുതി നിയമത്തിൽ ഉൾപ്പെടുത്തിയ വകുപ്പാണ് Section 45(5A). ഈ വകുപ്പിന്റെ ഗുണവശങ്ങൾ ഇവയാണ്:

നികുതി നൽകേണ്ട സമയം : JDA ഒപ്പിടുന്ന വർഷമല്ല, മറിച്ച് നിർമ്മാണം പൂർത്തിയായി 'Completion Certificate' ലഭിക്കുന്ന വർഷം മാത്രം മൂലധന നേട്ട നികുതി (Capital Gain Tax) നൽകിയാൽ മതി.

മൂല്യം കണക്കാക്കുന്ന രീതി : സർക്കാരിന്റെ സ്റ്റാമ്പ് ഡ്യൂട്ടി മൂല്യം(Guideline Value) അടിസ്ഥാനമാക്കിയാണ് നികുതി നിശ്ചയിക്കുന്നത്.

ശ്രദ്ധിക്കുക: Completion Certificate ലഭിക്കുന്നതിന് മുൻപ് ഭൂവുടമ തന്റെ വിഹിതം വിൽക്കുകയാണെങ്കിൽ ഈ ആനുകൂല്യം ലഭിക്കില്ല.

4. സുപ്രധാന കോടതി വിധികൾ

CIT vs. Balbir Singh Maini (Supreme Court)(Civil Appeal No. 15619 OF 2017) : രജിസ്റ്റർ ചെയ്യാത്ത ഒരു JDA കരാറിന്റെ അടിസ്ഥാനത്തിൽ മാത്രം കൈമാറ്റം നടന്നതായി കണക്കാക്കാൻ കഴിയില്ല. കരാർ ഒപ്പിട്ടതുകൊണ്ട് മാത്രം ഉടമ നികുതി നൽകേണ്ടതില്ല. കരാർ രജിസ്റ്റർ ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകതയെ ഈ കേസ് മുൻനിർത്തുന്നു.

* Suraj Lamp & Industries Pvt. Ltd. vs. State of Haryana(Supreme Court) (SPECIAL LEAVE PETITION (C) NO.13917 OF 2009): പവർ ഓഫ് അറ്റോർണി (POA) വഴി വസ്തു കൈമാറ്റം ചെയ്യുന്നത്നിയമപരമായ വിൽപ്പനയല്ല. JDA കളിൽ നൽകുന്ന POA നിർമ്മാണ ആവശ്യങ്ങൾക്കായി മാത്രമായിരിക്കണം.

5.ബിൽഡർമാർ നടത്തുന്ന തട്ടിപ്പുകൾ (The Scams):

പല ബിൽഡർമാരും ഡെവലപ്പ്മെന്റ് റൈറ്റ്സ് കൈമാറ്റത്തിനു മേലുള്ള ജി.എസ്.റ്റി (18%) ഭൂവുടമയിൽ നിന്ന് ഈടാക്കാൻ ശ്രമിക്കാറുണ്ട്. നിയമപ്രകാരം ഇത് ബിൽഡർ അടയ്ക്കേണ്ട റിവേഴ്സ് ചാർജ് നികുതിയാണ്. ഭൂവുടമയിൽ നിന്ന് ജി.എസ്.റ്റി ഇനത്തിൽ അംഗീകൃതമല്ലാത്ത പണം ശേഖരിക്കുന്നത് ശിക്ഷാർഹമായ ക്രിമിനൽ കുറ്റമാണ്.

6. ഭൂമിയുടമകൾ ശ്രദ്ധിക്കേണ്ട മുൻകരുതലുകൾ

(i) രജിസ്ട്രേഷൻ: കേരള രജിസ്ട്രേഷൻ നിയമപ്രകാരം ഇത്തരത്തിലുള്ള കരാറുകൾ നിർബന്ധമായും രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ രജിസ്റ്റർ ചെയ്യണം.

(ii) നികുതി വ്യവസ്ഥകൾ :

ജി.എസ്.റ്റി, ഫീസുകൾ തുടങ്ങിയവയുടെ ബാധ്യത ബിൽഡർക്ക് മാത്രമാണെന്ന് കരാറിൽ പ്രത്യേകം എഴുതിച്ചേർക്കുക. ഏതെങ്കിലും നികുതി ഭൂവുടമയ്ക്ക് അടയ്ക്കേണ്ടി വന്നാൽ, ആ തുക 18% പലിശയോടു കൂടി ബിൽഡർ തിരിച്ചു നൽകണം (Reimburse) എന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തുക.

(iii) sdd (Real Estate (Regulation and Development) Authortiy (RERA)) : നിർമ്മാണത്തിലെ കാലതാമസം, ഗുണനിലവാരമില്ലായ്മ, നികുതി തട്ടിപ്പുകൾ എന്നിവയ്ക്കെതിരെ sdd എന്ന അതോറിറ്റിയെ സമീപിക്കാം. പുതുക്കിയ നിയമ പ്രകാരം, നിർമ്മാണം വൈകുന്ന ഓരോ ദിവസത്തിനും ബിൽഡർ പലിശ സഹിതം നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥനാണ്. ജോയിന്റ് വെഞ്ചർ കരാറുകളിലും ഡെവലപ്പ്മെന്റ് റൈറ്റ്സ് കൈമാറ്റങ്ങളിലും ഭൂവുടമകൾക്ക് യാതൊരു ബാധ്യതയുമില്ല എന്ന് അന്ധമായി വിശ്വസിക്കരുത്. കരാറുകളിൽ വരുന്ന ചെറിയ വീഴ്ചകളോ ജാഗ്രതക്കുറവോ ഭാവിയിൽ വലിയ നികുതി ബാധ്യതകൾ ഉടമകളുടെ മേൽ അടിച്ചേൽപ്പിക്കാൻ കാരണമായേക്കാം. അതിനാൽ, ഇത്തരം കരാറുകൾ തയ്യാറാക്കുമ്പോൾ കേവലം ബിൽഡർ നൽകുന്ന രേഖകളിൽ ഒപ്പിടാതെ, നിർബന്ധമായും ഒരു നിയമവിദഗ്ദ്ധനുമായി ആലോചിച്ച് മാത്രം മുന്നോട്ട് പോകുക. കൃത്യമായ നിയമോപദേശം സമയോചിതമായി തേടുന്നത് വഴി വഞ്ചിക്കപ്പെടാതിരിക്കാനും അനാവശ്യ നികുതിക്കുരുക്കുകളിൽ നിന്ന് രക്ഷപ്പെടാനും സാധിക്കും.


Orange
FOOTCARE
ഓരോ ചുവടിലും
കംഫർട്ട്
12001
BLACK WITH
BROWN STRAP
C - 123
CREAM WITH
WHITE STRAP
L - 99
BLACK WITH
SILVER STRAP

# വ്യവസായികളുടെ ആത്മഹത്യയ്ക്ക് പരിഹാരം എന്ത്?



ടി എസ് ചന്ദ്രൻ

മുൻ ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന വ്യവസായ
വാണിജ്യ വകുപ്പ്

കോൺഫിഡൻഷ്യൽ ഗ്രൂപ്പ് ചെയർമാൻ സി. ജെ. റോയ് ജീവനൊടുക്കിയത് ഏതാനും നാളുകൾക്കു മുൻപാണ്. ഇത് ആദ്യത്തേത് അല്ല. അവസാനത്തേത് ആകട്ടെ എന്നു പ്രാർത്ഥിക്കാം. വ്യവസായികളുടെ ആത്മഹത്യകൾക്കു പരിഹാരം എന്തെല്ലാമാണ്?എടുക്കാവുന്ന മുൻകരുതലുകൾ എന്തെല്ലാമാണ്?. പരിശോധിക്കാം.

**1 മാനസിക ആരോഗ്യം**

ഏതൊരു വ്യക്തിക്കും ഏറ്റവും പ്രധാനപ്പെട്ടത് മാനസികശാരീരിക ആരോഗ്യമാണ്. ഇതിൽ മാനസിക ആരോഗ്യം ഏറെ പ്രധാനപ്പെട്ടതാണ്. ലോക ജനസംഖ്യയുടെ 10% ആളുകൾ മാനസിക സമ്മർദ്ദം നേരിടുന്നു എന്നാണ് കണക്ക്. ഇതു നിലനിർത്തുന്നതിന് അത്യാവശ്യമായ കാര്യങ്ങൾ യാതൊരു തടസ്സവും കൂടാതെ വ്യവസായികൾ ചെയ്യണം. ജിമ്മിൽ പോകാം, നടക്കാം, യോഗ അഭ്യസിക്കാം, കരാട്ടെ പഠിക്കാം, ധ്യാനം ശീലിക്കാം, മറ്റ് എക്സർസൈസുകൾ ചെയ്യാം, അധ്വാനമുള്ള ജോലികൾ ചെയ്യാം. അങ്ങനെ ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിന് വേണ്ട കാര്യങ്ങൾ എല്ലാം മുടക്കം കൂടാതെ ചെയ്യുക.

**2 സാമ്പത്തിക അച്ചടക്കം**

വരവിന് അനുസരിച്ച് ചെലവ് ചെയ്യണം എന്നത് എക്കാലത്തും പ്രസക്തമാണ്. സാമ്പത്തിക അച്ചടക്കം ഒരു ശീലമാക്കിയെടുക്കണം. മറ്റുള്ളവരെക്കൊണ്ട് അസൂയ ഉളവാക്കുന്ന തരത്തിലുള്ള ആർഭാടങ്ങളിലേക്ക് പോകാതിരിക്കാനും ശ്രദ്ധിക്കണം.

**3 സിസ്റ്റം ബിൽഡിംഗ്**

ബിസിനസിനകത്ത് ഒരു മികച്ച ഒരു പ്രവർത്തന ക്രമം ഉണ്ടാക്കുക എന്നത് പരമപ്രധാനമാണ്. നമ്മുടെ ദൈനം ദിന ഇടപെടൽ ഇല്ലെങ്കിലും കുറ്റമറ്റ രീതിയിൽ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം നടക്കണം. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഇപ്പോൾ ഇത് ലളിതമായി ചെയ്യാം. വിരൽത്തുമ്പിൽ ലഭിക്കും എല്ലാം. സ്ഥാപനത്തിൻെറ പോരായ്മകളെ കണ്ടെത്താനും അവ അതിവേഗം പരിഹരിക്കാനും കഴിയുന്ന രീതിയിൽ സിസ്റ്റത്തെ രൂപപ്പെടുത്തണം.

ഈ രംഗത്ത് നൈപുണ്യമുള്ള ജീവനക്കാരെ നിയമിച്ചുകൊണ്ടും ഇത്തരം പ്രശ്നങ്ങളെ പരിഹരിക്കാം.

**4 കുടുംബം / സംസാരം**

ഏതൊരു വ്യവസായിക്കും എപ്പോഴും പ്രധാനപ്പെട്ട ഒന്നായി കുടുംബത്തെ കാണുക തന്നെ വേണം. കുടുംബത്തിൽ സംസാരിക്കണം. തുറന്നു സംസാരിക്കണം. ഭാര്യയോട്, മക്കളോട്, ഭർത്താവിനോട്, അച്ഛനോട്, അമ്മയോട്, എല്ലാവരോടും സംസാരിക്കണം. കൂട്ടുകാരോട് സംസാരിക്കണം. കൂടുതൽ കൂടുതൽ സംസാരിക്കണം. നമുക്ക് വിശ്വസിക്കാൻ കൊള്ളാവുന്ന എല്ലാവരോടുമായി നല്ല രീതിയിൽ ഇടപെടണം. വ്യവസായി എന്നാൽ സമൂഹത്തിന് പുറത്തുള്ള വലിയ ഒരു മാഗ്നറ്റ് ആണ് എന്ന് പൊതുസമൂഹത്തിന് തോന്നാൻ ഇടവരുത്തരുത്. അടിസ്ഥാനപരമായി എല്ലാവരും സാമൂഹിക ജീവിയാണ് എന്ന സത്യം മറക്കരുത്.

5 നിയമം വിട്ടുള്ള കളി.

പല വ്യവസായികളെയും അപകടത്തിലാക്കുന്ന ഒന്നാണ് നിയമം വിട്ടുള്ള കളി. വ്യവസായം ചെയ്യുക എന്നത് ഒരു ഇന്ത്യൻ പൗരൻെറ മൗലിക അവകാശമാണ് ആർട്ടിക്കിൾ 19- 1- G ഇത് സ്ഥാപിച്ചു തരുന്നുണ്ട്. നിയമത്തിനകത്തുനിന്നു കൊണ്ട് ചെയ്യുന്നത് മാത്രമേ ചെയ്യാവൂ എന്ന് സംരംഭകർ നിശ്ചയദാർഢ്യം ചെയ്യണം.

താൽക്കാലിക വിജയങ്ങൾക്ക് അപ്പുറം സുസ്ഥിര വിജയം ഒരിക്കലും നിയമവിരുദ്ധ പ്രവർത്തികൾക്ക് ലഭിക്കുകയില്ല. അത്തരം നേട്ടങ്ങൾ വേണ്ടെന്നു വയ്ക്കുന്നത് ദീർഘ കാല അടിസ്ഥാനത്തിൽ വലിയ ഗുണം ചെയ്യും.

6 വിശ്വസിക്കാവുന്ന മെൻറർ.

ഇന്ന് മെൻററിങ് വലിയ ഒരു മേഖലയായി നിലനിൽക്കുന്നുണ്ട്. വിശ്വസിക്കാവുന്ന ഒരു മെൻററെ ബിസിനസ് യാത്രയിൽ കൂടെ കൂട്ടണം. വ്യവസായികമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയാവുന്നവരെ വേണം കൂടെ നിർത്താൻ. സംരംഭകൻെറ പ്രശ്നങ്ങൾ, കയറ്റിറക്കങ്ങൾ എല്ലാം ഡിസ്കസ് ചെയ്യാനും നിക്ഷേപങ്ങളെയും വായ്പകളെയും മറ്റ് ഇടപാടുകളെയും താരതമ്യം ചെയ്ത് ഉപദേശം നൽകാനും കഴിവുള്ള മെൻഡർ ആയിരിക്കണം.

പല വ്യവസായികളും മറ്റുള്ളവരെ പ്രചോദിപ്പിക്കുന്ന വാക്കുകൾ പറയുന്നവരാണ്. പക്ഷേ അവർക്ക് ജീവിതത്തിൽ പിടിച്ചുനിൽക്കാൻ കഴിയാതെ വരുന്നു എന്നത് യാഥാർത്ഥ്യമാണ്. കൃത്യമായ ഒരു പ്ലാനിങ്ങിൻെറ അഭാവം ഉണ്ടാകുന്നു. സംരംഭകർ ഈ വക കാര്യങ്ങൾ ശ്രദ്ധിച്ചാൽ ആത്മഹത്യ ചെയ്യാനുള്ള സാഹചര്യം ഒഴിവാക്കാൻ കഴിയും.





PPA SAGEER
Advocate & Trademark Attorney

# ആഗോള കാലത്ത് കെട്ടിപ്പടുക്കാം ഒരു സ്വന്തം ഗ്ലോബൽ ബ്രാൻഡ്

ആഗോള ലോകത്ത് നമുക്കും ഒരു സ്വന്തം ബ്രാൻഡ് കെട്ടിപ്പടുക്കാം. ഇന്നത്തെ ഏകീകൃത ആഗോള സമ്പദ്‌വ്യവസ്ഥയിൽ, കേരളത്തിൽ ആരംഭിക്കുന്ന ഒരു ബിസിനസിന് ശരിയായ തന്ത്രപരമായ സമീപനം ഉണ്ടായാൽ ലോകത്തിന്റെ ഏത് കോണിലേക്കും വ്യാപിപ്പിക്കാൻ കഴിയും. ഒരു ശക്തമായ ബ്രാൻഡിംഗ് സംവിധാനവും രജിസ്റ്റർ ചെയ്ത ട്രേഡ് മാർക്കും ഈ വളർച്ചയുടെ പ്രധാന അധിഷ്ഠാനങ്ങളാണ്, വിപണിയിലെ പ്രവേശനം, ഉപഭോക്തൃ ഓർമ്മശേഷി, ഫ്രാഞ്ചൈസി ശാഖകളുടെ വികസനം എന്നിവയെ ശക്തിപ്പെടുത്തുന്നു.

ബ്രാൻഡിംഗ് വഴി ട്രേഡ് മാർക്ക് രജിസ്ട്രേഷൻ നേടുന്നതിലൂടെ, ഒരു ബ്രാൻഡിനെ കേരളത്തിൽ നിന്നും ലോകത്തിൻറെ ഏതു കോണിലേക്കും കൊണ്ടുപോകുന്നതിനും അതുപോലെ ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നും വ്യാപാരം നടത്തി അത് ഇന്ത്യയിലേക്കും കേരളത്തിലേക്കും മറ്റിടങ്ങളിലേക്കും വിപുലീകരിക്കുന്നതിനും നിയമപരമായ പരിരക്ഷയോടെ പ്രവർത്തിക്കാൻ കഴിയും. ഇത് ബിസിനസിന് വിശ്വാസ്യതയും സ്ഥിരതയും നൽകുന്നു.

ട്രേഡ് മാർക്ക് എന്നത് ഒരു പേര് മാത്രമല്ല; ലോഗോ, നിറങ്ങളുടെ സംയോജനം, പാക്കേജിംഗ്, ബ്രാൻഡിന്റെ മുഴുവൻ അവതരണം എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ഐഡന്റിറ്റിയാണ്. ഈ ഐഡന്റിറ്റി സ്വന്തമാക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് മത്സരാധിഷ്ഠിത വിപണിയിൽ വ്യക്തമായ വ്യത്യസ്തതയും ദീർഘകാല മൂല്യവും സൃഷ്ടിക്കുന്നു.

ഇന്നത്തെ സാഹചര്യത്തിൽ, ബിസിനസിന്റെ വിജയം ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മയിൽ മാത്രം ആശ്രയിച്ചല്ല; ഉപഭോക്താക്കളുടെ മനസ്സിൽ ഉറച്ച സ്ഥാനം നേടുന്ന ശക്തമായ ഒരു ബ്രാൻഡാണ് യഥാർത്ഥ മൂലധനം. വ്യക്തമായ ദർശനം, തന്ത്രപരമായ ബ്രാൻഡിംഗ് പ്രവർത്തനങ്ങൾ, ശക്തമായ നിയമപരമായ സംരക്ഷണം എന്നിവയോടെ, ഒരു ചെറിയ സംരംഭം പോലും ആഗോള തലത്തിൽ അറിയപ്പെടുന്ന ബ്രാൻഡായി വളരാൻ കഴിയും.

## എന്താണ് ബ്രാൻഡ്?

ഒരു ഉൽപ്പന്നത്തിന്റെയോ സേവനത്തിന്റെയോ പേര്, ലോഗോ, കളർ കോമ്പിനേഷൻ, രൂപകല്പന, ടാഗ് ലൈൻ വിശ്വാസ്യത, ഉപഭോക്തൃ അനുഭവം — ഇവയെല്ലാം ചേർന്നതാണ് ഒരു ബ്രാൻഡ്. ഒരു ഉപഭോക്താവ് ഒരു പേര് കേൾക്കുമ്പോൾ തന്നെ അതുമായി ബന്ധപ്പെട്ട ഗുണനിലവാരവും വിശ്വാസവും മനസ്സിൽ ഓർത്തെടുക്കുന്നുവെങ്കിൽ, അവിടെയാണ് ഒരു ബ്രാൻഡ് യഥാർത്ഥത്തിൽ രൂപപ്പെടുന്നത്. (Trade Marks Act, 1999 – Section 2(m)) പ്രകാരം, “mark” എന്നത് ഒരു ഉപകരണവും, ബ്രാൻഡും, ഹെഡിംഗ്, ലേബൽ, ടിക്കറ്റ്, പേര്, ഒപ്പ്, വാക്ക്, അക്ഷരം, സംഖ്യ, ഉൽപ്പന്നത്തിന്റെ ആകൃതി (shape of goods), പാക്കേജിംഗ്, നിറങ്ങളുടെ സംയോജനം (combination of colours) എന്നിവയെ ഉൾക്കൊള്ളുന്നതാണ്. അതായത്, ഒരു ബ്രാൻഡ് എന്നത് വെറും ഒരു പേര് മാത്രമല്ല; നിയമപരമായി തിരിച്ചറിയാൻ കഴിയുന്ന എല്ലാ ദൃശ്യ–അദൃശ്യ ഘടകങ്ങളും ചേർന്നതാണ്.

## എന്താണ് ബ്രാൻഡിംഗ്?

ഒരു ബ്രാൻഡിനെ സൃഷ്ടിക്കുകയും വിപണിയിൽ വളർത്തുകയും ദീർഘകാലം നിലനിർത്തുകയും ചെയ്യുന്ന






തന്ത്രപരമായ പ്രക്രിയയാണ് ബ്രാൻഡിംഗ്. ബ്രാൻഡിംഗ് ഒരു ലോഗോ രൂപകൽപ്പന ചെയ്യുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. ഉപഭോക്താവിനോട് സംസാരിക്കുന്ന ഭാഷ മുതൽ അവർക്ക് ലഭിക്കുന്ന അനുഭവം വരെ — എല്ലാം ബ്രാൻഡിംഗിന്റെ ഭാഗമാണ്. ഉദാഹരണമായി, ഒരു തെരുവിൽ എത്തുമ്പോൾ നിങ്ങളുടെ മൂക്കിന്റെ തുമ്പിൽ തന്നെ എത്തുന്ന പ്രത്യേകമായ ഒരു മണം നിങ്ങളെ നേരെ Albaik പോലുള്ള ഒരു ഔട്ട്ലെറ്റിലേക്കു നയിക്കുന്നുങ്കെിൽ, അത് യാദൃശ്ചികമല്ല അത് ഉപഭോക്താവിന്റെ ഇന്ദ്രിയങ്ങളെ (senses) സ്വാധീനിക്കുന്ന ഒരു ശക്തമായ ബ്രാൻഡിംഗ് തന്ത്രമാണ്.

ഇന്നത്തെ നിയമവികസനങ്ങളിൽ, ചില രാജ്യങ്ങളിൽ smell (scent) പോലുള്ള non-traditional marks വരെ ട്രേഡ്മാർക്ക് പ്രൊട്ടക്ഷന്റെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. അതായത്, ഒരു പ്രത്യേക മണം പോലും ഉപഭോക്താവിന് ഒരു ബ്രാൻഡിനെ തിരിച്ചറിയാൻ സഹായിക്കുന്നുങ്കെിൽ, അത് നിയമപരമായി സംരക്ഷിക്കാവുന്ന ബ്രാൻഡ് ഘടകമായി മാറാൻ സാധ്യതയുണ്ട്.

## ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിങ്ങ്

പലരും ബ്രാൻഡിംഗും മാർക്കറ്റിങ്ങും ഒരുപോലെ കരുതുന്നു. പക്ഷേ ഇവ തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ട്.

- **ബ്രാൻഡിംഗ് : "നീ ആരാണ്?"**
- **മാർക്കറ്റിങ്ങ് : "നീ ആളുകളിലേക്കെങ്ങനെ എത്തുന്നു?"**

മാർക്കറ്റിങ്ങ് വിൽപ്പന വർധിപ്പിക്കുമ്പോൾ, ബ്രാൻഡിംഗ് ഒരു ബിസിനസിന് ദീർഘകാല വിശ്വാസവും നിലനിൽപ്പും നൽകുന്നു.

## ബ്രാൻഡ് ആൻഡ് ട്രേഡ്മാർക്ക്

ബ്രാൻഡ് ഒരു ആശയമാണെങ്കിൽ, ട്രേഡ്മാർക്ക് അതിന്റെ നിയമപരമായ അവകാശമാണ്. ഒരു ബ്രാൻഡിന്റെ പേര്, ലോഗോ, ടാഗ്ലൈൻ , ഡിസൈൻ, കളർ കോമ്പിനേഷൻ, ഉൽപ്പന്നത്തിന്റെ ആകൃതി എന്നിവ ട്രേഡ്മാർക്ക് രജിസ്ട്രേഷൻ വഴി നിയമപരമായി സംരക്ഷിക്കപ്പെടുന്നു.

- **ബ്രാൻഡ് = തിരിച്ചറിയൽ**
- **ട്രേഡ്മാർക്ക് = നിയമ പരിരക്ഷ**

## ട്രേഡ്മാർക്ക് രജിസ്ട്രേഷൻ : അടിസ്ഥാനങ്ങൾ

ട്രേഡ്മാർക്ക് രജിസ്ട്രേഷൻ നടത്തുമ്പോൾ രജിസ്ട്രബിലിറ്റി (Registrability) എന്ന മാനദണ്ഡം പ്രധാനമാണ്. അതായത്, പൊതുവായി ഉപയോഗിക്കുന്ന വാക്കുകളോ, വിവരണാത്മകമായ പേരുകളോ, നേരത്തെ രജിസ്റ്റർ ചെയ്ത ട്രേഡ്മാർക്കുകളുമായി സാമ്യമുള്ളവയോ ആയിരിക്കരുത്. ഒരു ട്രേഡ്മാർക്ക് വ്യത്യസ്തവും തിരിച്ചറിയാവുന്നതുമായിരിക്കണം.

**ട്രേഡ്മാർക്ക് രജിസ്ട്രേഷൻ വഴി ലഭിക്കുന്ന അവകാശങ്ങൾ:**

- **നിയമപരമായ സംരക്ഷണം**
- **ലംഘനം സംഭവിച്ചാൽ നടപടികൾ സ്വീകരിക്കാനുള്ള അവകാശം**
- **ബ്രാൻഡിന്റെ മൂല്യം വർധിപ്പിക്കൽ**
- **ബിസിനസ് വിപുലീകരണത്തിന് ഉറച്ച അടിത്തറ**

## പ്രവാസി ബ്രാൻഡുകൾക്ക് ട്രേഡ്മാർക്കിനുള്ള പ്രാധാന്യം

ഒരു ബ്രാൻഡ്/ട്രേഡ്മാർക്ക്, ഒരു പ്രവാസി ഇന്ത്യയിൽ നിന്നാരംഭിച്ച് വിദേശത്ത് തന്റെ ബിസിനസ് വ്യാപിപ്പിക്കുന്നതിനും, അതുപോലെ വിദേശത്ത് നിന്നാരംഭിച്ച് ഇന്ത്യൻ വിപണിയിലേക്ക് കടക്കുന്നതിനും അതിവിശേഷമായി പ്രയോജനപ്പെടുന്ന ഒരു നിയമപരമായ ആയുധമാണ് trademark.

**ഉദാഹരണങ്ങൾ**

- NELLARA (Nellara Shamsu) – ഇന്ത്യയിൽ നിന്നാരംഭിച്ച് മിഡിൽ ഈസ്റ്റിലെ വിപണിയിൽ വലിയ സ്വീകാര്യത നേടിയ ബ്രാൻഡ്.
- EASTERN (Meeran) – ഇന്ത്യയിൽ നിന്നാരംഭിച്ച് ആഗോള തലത്തിലേക്ക് വ്യാപിച്ച ഒരു മികച്ച മലയാളി ബ്രാൻഡ്.

ഇവയെല്ലാം വിജയിച്ചത് ട്രേഡ്മാർക്ക് രജിസ്ട്രേഷൻ വഴി ബ്രാൻഡിന്റെ നിയമപരമായ പരിരക്ഷയും വ്യാപാരാവകാശവും ആരംഭത്തിൽ തന്നെ ഉറപ്പാക്കിയതിനാലാണ്.

## ചില ഗ്ലോബൽ മലയാളി ബ്രാൻഡുകൾ

കേരളത്തിൽ നിന്നുയർന്ന് ലോകവിപണിയിൽ ഇടം നേടിയ ചില പ്രമുഖ മലയാളി ബ്രാൻഡുകൾ:

- Lulu Group – ഗ്ലോബൽ റീട്ടെയിൽ രംഗത്തെ മലയാളി അഭിമാനം,
- Ujala – ഉപഭോക്തൃ വിശ്വാസം നേടിയ ഇന്ത്യൻ ബ്രാൻഡ്,
- Malabar Gold & Diamonds – അന്താരാഷ്ട്ര ജ്വല്ലറി ബ്രാൻഡ്,
- Aster MIMS – ലോകോത്തര ആരോഗ്യ സേവന ശൃംഖല,



DEWTON® LED
GERMANY
The brighter way of living
INDOOR WALL DECORS
LINEAR PROFILE LIGHTS
FLOOD & STREET LIGHTS
TRACK LIGHTS
FANCY LIGHTS
PANEL LIGHTS
DOWN LIGHTS
ADVANCED GERMAN TECHNOLOGY
LM-80 Certified LEDs
2 YEARS WARRANTY
BIS APPROVED
CERTIFIED BEST-IN-CLASS QUALITY BY CUSTOMERS
DOMESTIC LIGHTS | COMMERCIAL LIGHTS | ARCHITECTURAL LIGHTS | INDUSTRIAL LIGHTS
Customer Enquiry: + 91 97784 22644 | Project Enquiry: + 91 82819 98362
Email: dewtonled@gmail.com | www.dewtonindia.com
Scan QR code to visit website

# വഴിയാധാരമാക്കിയ വായ്പ



**കെ. ഇസ്ഹാഖ്**
കോഴിക്കോട് ജില്ലാ പ്രസിഡന്റ്

തിരിഞ്ഞും മറിഞ്ഞും എത്ര നേരമായി കിടക്കുന്നു. ഈയിടെ രാത്രി ഉറക്കമില്ലാതായിരിക്കുന്നു. ഭാര്യ കൂർക്കം വലി പരാതി ഇപ്പോൾ പറയാറില്ല. അവൾ നല്ല ഉറക്കത്തിലാണ്. പാവം ഉറങ്ങട്ടെ. എന്നെക്കുറിച്ചുള്ള വേവലാതിയാണ് പകലന്തിയോളം മരുന്ന് പോലും നേരത്തിന് കഴിക്കില്ല പടച്ചോനെ എന്നാണ് ഇതെല്ലാം ഒന്ന് ശരിയായി കിട്ടുക. സമാധാനത്തിൻെറ ദിനങ്ങൾ ഇനി ഒരിക്കലും ഉണ്ടാകയില്ലെന്നാണോ? തണുത്ത കാറ്റിൽ ജനാലകൾ അടഞ്ഞ് ശബ്ദമുണ്ടാക്കി ചീവീടുകൾ ഉറക്കെ കരഞ്ഞു കൊണ്ടേയിരിക്കുന്നു. പുറത്ത് മഴ ചാറുന്നുണ്ടെന്ന് തോന്നുന്നു. പുതപ്പ് വലിച്ച് ശരീരം മൂടി വീണ്ടും ചരിഞ്ഞു കിടന്നു. നേരം വെളുത്തിട്ട് ചെയ്യേണ്ട കാര്യങ്ങൾ വീണ്ടും മനസ്സിലേക്ക് വന്നു. ബാങ്കിൻെറ ബ്രാഞ്ച് മാനേജർ പറഞ്ഞ പ്രകാരമാണെങ്കിൽ ഒന്നും പ്രതീക്ഷിക്കാനില്ല വസ്തു വിൽപ്പനനടത്തി ബാങ്ക് വായ്പതുക ഈടാക്കിയെടുക്കും. മുതലും പലിശയും കഴിച്ച് ഒന്നും മിച്ചം ഉണ്ടാകാനിടയില്ല. റീജിയണൽ ഓഫീസിൽ പോയിട്ട് കാര്യമില്ലെന്ന് പറയുന്നു. എങ്കിലും എത്രയോ ആളുകളുടെ പ്രയാസങ്ങൾ കേൾക്കുന്നയാളല്ലെ പോയിനോക്കാം. ചിലപ്പോ എന്തെങ്കിലും ആശ്വാസം ഉണ്ടായാലോ! എത്ര കഠിനമായി പ്രയാസപ്പെട്ട് ജോലി ചെയ്ത് സ്വരുകൂട്ടിയ സമ്പാദ്യമാണ് ഈ മരക്കമ്പനി അത് നഷ്ടപ്പെടുന്നത് ഓർക്കാനെവയ്യ. സ്വന്തമാക്കിയെടുക്കാൻ എത്രപാടുപെട്ടു (ഓരു) ഉപ്പ് വെള്ളത്തിലും ചളിയിലുമായി കല്ലായി പുഴയിൽ രാപ്പകലില്ലാതെ തെരപ്പം തുഴഞ്ഞ നാളുകൾ ആവതുള്ള കാലത്ത് എന്തെങ്കിലും മിച്ചം വക്കാനായില്ലെങ്കിൽ ഇങ്ങനെ പണിയെടുത്തിട്ട് കാര്യമില്ലെന്ന് മൂപ്പനായ പിതാവ് പറയുമായിരുന്നു. 3 തലമുറയും മൂപ്പൻമാരായിരുന്നു കല്ലായിൽ എക്കാലത്തും നല്ല ആദരവ് കിട്ടുന്ന പണിയാണ് ഒരു പണത്തൂക്കം സത്യക്കേട് കാണിക്കരുതെന്ന ഉപ്പയുടെ എപ്പോഴുമുള്ള താക്കീത് കേട്ടാണ് കൂടെ പണി പഠിച്ചത്. എത്രയോ മുതലാളിമാരുടെ കൂടെ പണിയെടുത്തു ഒരിടത്തും ബാപ്പയുടെ താക്കീത് മറന്നില്ല. ലക്ഷങ്ങൾ വിലമതിക്കുന്ന തടികൾ പുഴയിൽ സൂക്ഷിക്കുന്ന പണിയാണ് മൂപ്പൻമാർക്ക് തടി വെള്ളത്തിലോ ചളിയിലോ എവിടെയാണ് കിടക്കുന്നതെന്ന് ഉടമക്കറിയില്ല. മൂപ്പൻമാരിലുള്ള വിശ്വാസമാണ് അവരുടെ ബിസിനസ്സിൻെറ അടിത്തറ.

പ്രായം ഏറെ കടന്നുപ്പോഴാണ് സ്വരുകൂട്ടിയ സമ്പാദ്യം കൊണ്ട് ഒരു ചെറിയ മരക്കമ്പനി എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് അവസരം കൈവന്നത് കൂടുതൽ ഒന്നാം ആലോചിച്ചില്ല ഏറെ പാടുപെട്ട് നല്ല ഒരു തുക ബാങ്കിൽ നിന്ന് വായ്പയെടുക്കേണ്ടിവന്നു. എന്നാൽ സത്യസന്ധതയും കഠിനാദ്ധ്വാനവും കൈമുതലുള്ളതുകൊണ്ട് ഒരു പ്രയാസവുമുണ്ടായില്ല. തിരിച്ചടവ് കൃത്യമായിരുന്നു. യാതൊരു ഭയവുമുണ്ടായിരുന്നില്ല നല്ല വിശ്വാസമായിരുന്നു. എല്ലാം പെട്ടന്നായിരുന്നു മാറിമറിഞ്ഞത്. മഹാമാരി എല്ലാം തകിടം മറിച്ചുനിലവിലെ ഓർഡറുകൾ റദ്ദാക്കപ്പെട്ടു. കയ്യിലുണ്ടായിരുന്ന പാഴ്മരങ്ങളും ഉരുപ്പടികളും ഒന്നിനും കൊള്ളാതെ നശിച്ചുപോയി. തിരിച്ചടുവുകൾ മുടങ്ങാതിരിക്കാൻ ഏറെ പാടുപ്പെട്ടെങ്കിലും വിജയിക്കാനായില്ല. അഭിമാനക്ഷതം വന്ന ദിനങ്ങൾ രണ്ടും കയ്യുംനീട്ടി സ്വീകരിച്ചിരുന്ന മാനേജർക്ക് എന്നെ കാണുന്നതുപോലും പ്രയാസമായി എന്തുചെയ്യണമെന്നറിയാതെ നെട്ടോട്ടമോടിയനാളുകൾ അസോസിയേഷൻ പ്രസിഡണ്ടിൻെറ ഉപദേശ പ്രകാരം എം.എസ്.എം.ഇ. യൂണിറ്റിൻെറ പരിരക്ഷയിൽ പുനരുദ്ധാരണ പാക്കേജ് ആവശ്യപ്പെട്ട് കത്ത് നൽകി. പക്ഷെ ഒരു ആശ്വാസവാക്കും സഹായവും എവിടെനിന്നും ഉണ്ടായില്ല. അഭിമാനം പിച്ചിചീന്തിയ നാളുകൾ കാതിൽ മുഴങ്ങുന്നത് ജപ്തി നടപടിയെന്ന വാക്ക് മാത്രം സ്വാഭാവികമായും അക്കൗണ്ട് എൻ.പി.എ. ജപ്തി നടപടി ഒഴിവാക്കുന്നതിന് അറിയാവുന്ന വാതിലിലെല്ലാം മുട്ടിനോക്കി ഞാൻ മാത്രമല്ല 13 തൊഴിലാളികളും വഴിയാധാരമാകുന്ന പ്രശ്നമാണ്. പക്ഷെ ഒരു ഫലവുമുണ്ടായില്ല. സ്ഥാപനം ബാങ്ക് ജപ്തി നടത്തി അടച്ചുപൂട്ടി. ഒടുവിൽനാട്ടുകാരനായ ഒരുവക്കീലാണ് കോടതിയിൽ പോകാൻ ഉപദേശിച്ചത് അപ്പോഴേക്കും മഹാമാരിയുടെ കെടുതികൾക്ക് അൽപം ആശ്വാസം വന്നകാലമായിരുന്നു. എം.എസ്.എം.ഇ. സംരംഭകർക്ക് ആർ.ബി.ഐ. മാനദണ്ഡ പ്രകാരമുള്ള പരിരക്ഷ പുനരുദ്ധാരണ പാക്കേജ് എൻ.പി.എ. ആക്കുന്നതിന് മുമ്പ് നൽകിയില്ലെന്നതായിരുന്നു കേസ്.

ബഹു. ഹൈക്കോടതി കേസ് ഫയലിൽ സ്വീകരിക്കുകയും ബന്ധപ്പെട്ടവർക്ക് നോട്ടീസയച്ചു പിറ്റേന്ന് ഏറെ വൈകി സ്ഥാപനത്തിലെത്തിയ ബാങ്ക് മാനേജരും

സംഘവും വളരെ മാന്യമായി സംസാരിച്ചു. എന്തിനാണ് കോടതിയിൽ പോയത് നമുക്ക് തന്നെ രമ്യമായി പരിഹാരം കാണാമായിരുന്നുവല്ലോ എന്നെല്ലാം പറഞ്ഞു. തന്റെ അറിവില്ലായ്മ കൊണ്ട് പറ്റി പോയതാണെന്ന് പറയേണ്ടിവന്നു. പലിശ ഇനത്തിലുണ്ടായിരുന്ന വലിയ ഒരു തുക കുറച്ച് തരികയും പിറ്റേന്ന് തന്നെ 10 ലക്ഷം അടച്ചാൽ മില്ലിൽ നേരത്തെ സൂക്ഷിച്ചിരുന്ന തടികൾ എടുക്കാൻ അനുവദിക്കാമെന്നറിയിച്ചു. ഉടനെ തന്നെ മില്ല് തുറന്ന് നൽകുമെന്ന് അറിയിക്കുകയും ചെയ്തു. പക്ഷെ പണം വളരെ കഷ്ടപ്പെട്ട് അടവാക്കിയെങ്കിലും സാങ്കേതിക പ്രശ്നമുണ്ടെന്നും ഒരു പത്ത് കൂടെ അടക്കുകയും കേസ് പിൻവലിക്കുകയും ചെയ്താൽ മില്ല് തുറന്ന് നൽകാമെന്നറിയിച്ചു. പറഞ്ഞറിയിക്കാനാവാത്ത പരിശ്രമത്തിലൂടെ സംഘടിപ്പിച്ച തുകയടച്ച് കേസ് പിൻവലിച്ചു. മില്ലിലെ മരം വിട്ടു നൽകിയെങ്കിലും കമ്പനി തുറക്കാൻ അനുവദിച്ചില്ല. കമ്പനി തുറക്കാൻ കഴിയാതിരുന്നാൽ കടക്കാരുടെ മുമ്പിൽ ഞാൻ എന്തുചെയ്യും മരണം മുന്നിൽ വാ പിളർന്ന് സാന്ത്വനപ്പെടുത്തുന്ന ദിവസങ്ങൾ!

ഇപ്പോൾ റീജിയണൽ ഓഫീസിൽ ചെന്ന് കാലുപിടിക്കുന്നത് സ്ഥാപനം തുറക്കാനല്ല. അത് വിൽപ്പന നടത്തുന്നത് നിറുത്തി വെക്കാനുള്ള അപേക്ഷയുമായാണ്. എവിടെയാണ് എനിക്ക് തെറ്റ് പറ്റിയത് ഉറക്കമില്ലാത്ത കഴിഞ്ഞ രാത്രികളിൽ ഏറെ ആലോചിച്ചിട്ടും എവിടെയും എത്തുന്നില്ല. തിരിച്ചടവ് കൃത്യമായി നൽകിയിരുന്നതിൽ വീഴ്ച്ച പറ്റിയത് മാത്രമാണോ ബാങ്ക് കുറ്റമായി കാണുന്നത്. വീഴ്ച വന്ന വേളയിൽ തന്നെ എന്റെ തിരിച്ചടവിൽ മാറ്റം വേണമെന്ന എന്റെ അപേക്ഷ മാനേജർ തിരസ്കരിച്ചത് എന്തുകൊണ്ടായിരിക്കാം. ഞാൻ കോടതിയിൽ പോയത് ബാങ്കിന് ഏതെങ്കിലും വിധത്തിൽ പ്രയാസമുണ്ടായിക്കാണുമോ? എന്റെ സ്ഥാപനം ഉടനെ തുറന്ന് തരാമെന്നുറപ്പ് നൽകി എന്നെകൊണ്ട് ഹൈക്കോടതിയിലെ കേസ് പിൻവലിപ്പിക്കുകയും ആവുന്നപണം അടപ്പിക്കുകയും ചെയ്ത ശേഷം ഒന്നുമറിയാത്ത മട്ടിൽ ജപ്തി നടപടിയിലേക്ക് കടക്കുന്നത് മനഃപൂർമായി ബാങ്ക് എന്നെ വഞ്ചിക്കുകയായിരുന്നോ? എന്റെ സ്ഥാപനം പ്രവർത്തിക്കാതെ പ്രതിസന്ധി എന്നാലെ പരിഹരിക്കാനാവില്ലെന്ന് പറഞ്ഞത് ബാങ്ക് വിശ്വാസത്തിലെടുക്കാത്തത് എന്തുകൊണ്ടായിരിക്കാം.


മഴയുടെ ശക്തികൂടി വന്നു പുതപ്പ് നീക്കി എണീറ്റ് ജനാലയടച്ചു കടുപ്പിനി ജുമാഅത്ത് പള്ളിയിൽ നിന്ന് ബാങ്ക് മഴയുടെ ഇരമ്പലിൽ നേർത്ത് അകത്തേക്ക് കാതിൽ മുഴങ്ങി. കുടയുമേന്തി പള്ളിപ്പടികൾ കയറുമ്പോൾ ദൂരെ പള്ളിപ്പറമ്പിൽ റൂഹാനിക്കിളിയുടെ കഠിനമായ കരച്ചിൽ പള്ളിയിലെ ബാങ്ക് കേട്ടാൽ ദുരാത്മാക്കൾ കരഞ്ഞ് ഓടിയൊളിക്കുന്നതായിരിക്കും. തിടുക്കപ്പെട്ട് പടി കയറി അംഗശുദ്ധി വരുത്തി അയാൾ ജീവിതം മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രാർത്ഥനയിലേക്ക് മടങ്ങി.

## വഴിയാധാരമാകുന്നതിന് മുമ്പ്

2024 ആഗസ്റ്റ് ഒന്നാം തിയ്യതി ബഹുമാനപ്പെട്ട സുപ്രീം കോടതി എം.എസ്.എം.ഇ. സംരംഭകരെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു വിധി പ്രസ്താവിക്കുകയുായി. ബാങ്കിൽനിന്ന് വായ്പയെടുത്ത സംരംഭകരെല്ലാം മനസ്സിലാക്കേ വളരെ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ അതിലുണ്ടായിരുന്നു. KSSIA ന്യൂസ് വിധിപുറത്ത് വന്ന ഉടനെ അത് സംബന്ധിച്ച ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. ഈ വിധിയുടെ ആകെത്തുക പുനരുദ്ധാരണ പാക്കേജ് Revival Frame Work Follow ചെയ്യാതെ MSME സ്ഥാപനം എൻ.പി.എ. പ്രഖ്യാപനവുംനടപടികളും നിലനിൽക്കുന്നതല്ല. Sarfaesi നടപടികൾ illegal ആണ്. MSME ആക്ട് 2006 പ്രകാരവും ആർ.ബി.ഐ. സർക്കുലർ 17.03.2026 പ്രകാരം ഇത്തരം നടപടികൾ നിലനിൽക്കുന്നതല്ല.

ബഹു. സുപ്രീം കോടതിയും കേന്ദ്ര സംസ്ഥാന സർക്കാരുകളും ആർ.ബി.ഐ. യുമെല്ലാം ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് സവിശേഷമായ ഇടപെടലുകൾ നടത്തുന്നുവെങ്കിലും ഓരോ ദിനവും പുറത്തിറങ്ങുന്ന ദിനപത്രങ്ങളിൽ MSME സ്ഥാപനങ്ങളുടെ വിൽപ്പനയോ കൈവശമെടുക്കലോ പരസ്യങ്ങളില്ലാതെ ഒരു ദിനവുമില്ലയെന്നത് ആശങ്കപ്പെടുത്തുന്നതാണ്. വായ്പയെടുത്ത സംരംഭകർ ഏറെ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട വിഷയം അക്കൗണ്ട് എൻ.പി.എ. ആക്കുന്നതിന് മുമ്പ് തന്നെ പുനരുദ്ധാരണ പാക്കേജ് നൽകിയിരിക്കണം എന്നുള്ളതാണ്.

വായ്പയെടുക്കുന്നത് സംരംഭകരെ സംബന്ധിച്ച് ഒരു അനിവാര്യതയാണ്. പലപ്പോഴും എത്ര തന്നെ ശ്രദ്ധ ചെലുത്തിയാലും തിരിച്ചടവിൽ വീഴ്ചകൾ വന്നുചേരും. ഏതൊരു സംരംഭകനും വായ്പയെടുക്കുന്നതിന് മുമ്പ് തന്നെ അത്യാവശ്യം ചിലകാര്യങ്ങൾ അറിഞ്ഞിരിക്കണം. എന്താണ് ഈ വായ്പയുടെ ഉദ്ദേശം. ഏതുതരം സ്കീമിലാണ് ഇതെടുക്കുന്നത്. എപ്പോൾ തിരിച്ചടവ് തുടങ്ങാനാവും. ഇതിൽ നിന്ന് തുക



മറ്റ് ആവശ്യങ്ങൾക്ക് വക മാറ്റേ ആവശ്യം വരുമോ? അങ്ങനെയെങ്കിൽ തിരിച്ചടവിൽ വീഴ്ച സംഭവിക്കാതിരിക്കാൻ എന്താണ് ചെയ്യാനുദ്ദേശിക്കുന്നത്. ഈട് നൽകുന്ന വസ്തു സ്ഥാപനമോ വീടോ എങ്കിൽ അത് കുടുംബത്തെ ബോദ്ധ്യപ്പെടുത്തിയോ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്താണോ ഈ തീരുമാനം.

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ 2016ൽ പുറത്തിറക്കിയ Frame Work for Revival Rehabilitation of MSME പ്രകാരം ബാങ്കുകൾക്ക് Stress MSME യൂണിറ്റുകൾക്ക് റിവൈവൽ നടപടികൾ സ്വീകരിക്കേണ്ട ബാദ്ധ്യതയുണ്ട്. MSME യൂണിറ്റുകൾക്ക് വളരെ പ്രധാനപ്പെട്ട ഒരു നിയമനടപടിക്രമമാണ് Corrective Action Plan (CAP) Revival കേസുകളിൽ സംരംഭകരുടെ ശക്തമായ അവകാശമാണിത്. അതിനായി ബാങ്ക് ഒരു കമ്മിറ്റി രൂപീകരിക്കണം. ഇതിനെ Committee for Corrective Action (CCA) എന്ന് പറയുന്നു. CAP യിൽ സാധാരണയായി പരിഗണിക്കുന്ന വിഷയങ്ങൾ യൂണിറ്റ് സാമ്പത്തിക പ്രശ്നത്തിലാണ് മുന്നോട്ട് പോവുന്നത് ചെറിയ മാറ്റങ്ങൾ കൊണ്ട് അക്കൗണ്ട് റെഗുലർ ആക്കാം. റീപേയ്മെന്റ് ഷെഡ്യൂൾ പുനഃക്രമീകരിക്കുക.

Restructing-ൽ പ്രധാനപ്പെട്ട സഹായങ്ങൾ ബാങ്കിന് ചെയ്യാൻ കഴിയുന്നത്. റീപേയ്മെന്റ് നീട്ടുക, മൊറട്ടോറിയം നൽകുക, ഇന്ററസ്റ്റ് കുറക്കുക, അഡീഷണൽ വർക്കിംഗ് കാപ്പിറ്റൽ നൽകുക. പലപ്പോഴും ഇത്തരം നടപടികളിലെക്കൊന്നും പോവാതെ റിക്കവറി നടപടികൾ ആരംഭിക്കുന്നതാണ് കാണുന്നത്. അതുകൊണ്ട് തന്നെ MSME സംരംഭകർ അറിയേണ്ട പ്രധാന അവകാശം.

ഒരു MSME Account Stress / SMA / NPA ആയാൽ ബാങ്ക് Corrective ആക്ഷൻ പ്ലാൻ പരിശോധിക്കണം. Committee for Corrective Action വഴി തീരുമാനമെടുക്കണം ഇത് ചെയ്യാതെ നേരിട്ട് റിക്കവറി നടപടികൾ ആരംഭിക്കുന്നത് procedure violation ആകാം. പലപ്പോഴും ബാങ്കുകൾ തന്ത്രപരമായി ഉന്നയിക്കാറുള്ളത് Account NPA ആയതുകൊണ്ട് Revival സാദ്ധ്യമല്ല. ഇനി റിക്കവറി മാത്രമാണ് വഴി. എന്നാൽ RBI frame work പ്രകാരം എൻ.പി.എ. ആയ MSME Accounts പോലും CAP ക്ക് പരിഗണിക്കാം. പ്രത്യേകിച്ച് Unit viable ആണെങ്കിൽ ഇത്തരം പ്രയാസങ്ങൾ മറികടക്കാൻ പെറ്റീഷനിൽ RBI, MSME Frame Work Reference നൽകുക. State Level Bankers Committe അല്ലെങ്കിൽ ജില്ലാതലത്തിൽ പരാതി നൽകുക.

പലപ്പോഴും ബാങ്ക് പെറ്റീഷൻ സ്വീകരിക്കാതെ നീട്ടിവെക്കും. അല്ലെങ്കിൽ സ്വീകരിക്കാതെ ഡിലേ ചെയ്യുക. കേസ് റജിസ്റ്റർ ചെയ്യാതെ സമയം കളയുക. ഇതിനെ മറികടക്കാൻ പെറ്റീഷൻ രജി. പോസ്റ്റ് ആയി അല്ലെങ്കിൽ ഇ-മെയിൽ വഴി അയക്കുക. SLBC ക്കും DIC ക്കും കോപ്പി നൽകുക. പരാതിയിൽ MSME revival പെറ്റീഷനിൽ നൽകിയതിന്റെ വിശദാംശം CAP Corrective Action Plan പരിഗണിച്ചില്ല. RBI MSME Frame Work പാലിച്ചില്ല എന്നത് പെറ്റീഷനിൽ വളരെ പ്രധാനമാണ്. ആവശ്യമെങ്കിൽ RBI Ombudsman ന് പരാതി നൽകാം. ആർ.ബി.ഐ. ഗൈഡ് ലൈൻ പാലിച്ചോ, MSME Revival അപേക്ഷ പരിഗണിച്ചോ ഇല്ലയോ എന്നതിന് MSME Udyam Registration, Bank Loan Details REvival Petition Copy Bank reply ഉണ്ടെങ്കിൽ അതും Unit Revival Plan എന്നിവ ഓംബുഡ്സ്മാൻ പരാതി നൽകുമ്പോൾ നൽകേതാണ്.

മേൽ വിഷയത്തിൽ നീതി ആവശ്യമെങ്കിൽ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള പല കേസുകളിലും റിക്കവറി നടപടി സ്റ്റേ / Interim Protection നൽകും. ബാങ്കിനോട് revaival representation പരിഗണിക്കാൻ നിർദ്ദേശിക്കും.

ഒരു സംരംഭകനും ബാങ്കിനെ മനഃപൂർവ്വമായി പറ്റിക്കണമെന്ന് ഉദ്ദേശിച്ച് വായ്പയെടുത്തതായി അറിവില്ല. അതുകൊണ്ട് തന്നെയാണ് മേൽപറഞ്ഞ പ്രകാരം MSME വായ്പക്ക് ഈട് നൽകിയ വസ്തുക്കൾ വിൽപ്പനക്കും കണ്ടുകെട്ടാനുമുള്ള പരസ്യങ്ങൾ കൂടി വരുന്നത്. സംരംഭകന്റെ നിലവിലെ പ്രതിസന്ധി വ്യക്തമായി മനസ്സിലാക്കി ആവശ്യമായ പുനഃരുദ്ധാരണ പദ്ധതി അംഗീകരിച്ചു നൽകിയാൽ പല സ്ഥാപനങ്ങളെയും പുനരുജ്ജീവിപ്പിക്കാൻ നമുക്ക് കഴിയും. വിജയം നേടിയ സംരംഭകർക്കൊപ്പവും അതിജീവിനത്തിന് പാടുപെടുന്നവർക്കൊപ്പവും നിൽക്കാൻ നമ്മുടെ ബാങ്കുകൾക്ക് കഴിയണം.




10/3/2026 ഇൽ കൗമുദി ചാനൽ കൊച്ചി ഹോട്ടൽ റിനെയിൽ സംഘടിപ്പിച്ച **MSME CONCLAVE** വും, അവാർഡ് ദാനവും എന്ന പരിപാടി ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി ശ്രീ പി രാജീവ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിപാടിയിൽ **KSSIA** സംസ്ഥാന പ്രസിഡണ്ട് ശ്രീ എ നിസാറുദ്ദീൻ പാനലിസ്റ്റ് ആയി പങ്കെടുക്കുന്നു.

പതിനഞ്ചാമത് സ്റ്റേറ്റ് കമ്മിറ്റി മീറ്റിംഗ് 24/03/2026 ഇൽ ഇംപീരിയൽ ക്ലാസിക് എന്ന ആഡംബര കപ്പലിൽ കൂടിയപ്പോൾ





പതിനഞ്ചാമത് സ്റ്റേറ്റ് കമ്മിറ്റി മീറ്റിംഗ് 24/03/2026 ഇൽ ഇംപീരിയൽ ക്ലാസിക് എന്ന ആഡംബര കപ്പലിൽ കൂടിയപ്പോൾ സംസ്ഥാന പ്രസിഡണ്ട് ശ്രീ എ നിസാറുദ്ദീൻ അവർകൾ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.




പതിനഞ്ചാമത് സ്റ്റേറ്റ് കമ്മിറ്റി മീറ്റിംഗ് 24/03/2026 ഇൽ ഇംപീരിയൽ ക്ലാസിക് എന്ന ആഡംബര കപ്പലിൽ കൂടിയപ്പോൾ ജനറൽ സെക്രട്ടറി ശ്രീ ജോസഫ് പൈകട അഭിസംബോധന ചെയ്യുന്നു.










KSSIA
THE KERALA STATE SMALL INDUSTRIES ASSOCIATION
KANNUR DISTRICT

- അവസരങ്ങളെ കൂട്ടിയിണക്കുന്നു
- വളർച്ചയെ ശാക്തീകരിക്കുന്നു
- ഉൽപ്പന്ന പ്രദർശനത്തിനും ബ്രാൻഡിങ്ങിനും ഒരു വേദി



# IND EXPO 2026

**2026 മെയ് 8 | 9 | 10**

ഇ.കെ. നായനാർ മെമ്മോറിയൽ
അക്കാദമി കോംപ്ലക്സ്, ബർണശ്ശേരി , കണ്ണൂർ

പ്രദർശന സമയം :
രാവിലെ 10 മുതൽ
രാത്രി 9 മണിവരെ

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com
e-magazine



# നിങ്ങളെ അറിയാത്തവർ ഇനിയും ഉണ്ടോ?

## KSSIA - യിൽ പറയൂ

[www.kssia.com | kssianews@gmail.com
e-magazine



### Cover (PREMIUM PAGES)

Front Page Bottom (Colour); **Rs.18,000/-**

Full Back Page (Colour); **Rs.20,000/-**



### Cover (INSIDE PAGES)

Full Back Page Inside (Colour); **Rs.15,000/-**

Full Front-Page Inside (Colour); **Rs.15,000/-**



### Inside (PARTIAL PAGES)

Full Page inside (Colour): **Rs.13,500/-**

Half Page Inside (Colour); **Rs.7,500/-**

Quarter Page Inside (Colour); **Rs.4,500/-**

ഇന്നു തന്നെ വിളിക്കൂ

**+91 94963 60300**

Journal of THE KERALA STATE SMALL INDUSTRIES ASSOCIATION

Rates are excluding GST. GST extra at applicable rate.

KSSiA
THE KERALA STATE SMALL INDUSTRIES ASSOCIATION

25th April 2026, Kalamassery
Regn. No. KERBIL/2005/23143

KSSIA NEWS Journal of The Kerala State Small Industries Association

Price ₹ 5.00




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.